# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

ഹാജർ : വി.കെ. ബീനാകുമാരി
ബഹു. അംഗം

**എച്ച്.ആർ.എം.പി നമ്പർ 4166/11/13/2023/TSR & 1115/11/13/2023/TSR**

പരാതിക്കാരൻ : ശ്രീ. ബിജു ബി പിള്ള
ഭദ്ര മാവുങ്കൽ വീട്, മണ്ണുത്തി.പി.ഒ,
ആറാംകല്ല്, തൃശൂർ.

**ഉത്തരവ് തീയതി 2024 ആഗസ്റ്റ് 7**

കേസ് നമ്പർ 4166/2023-ൽ നവംബർ മാസം 8-ാം തീയതി കമ്മീഷൻ ഒരു ഇടക്കാല ഉത്തരവ് നൽകിയിരുന്നു. ടി ഉത്തരവിൽ പരാതിക്കാരന്റെ സാന്നിദ്ധ്യത്തിൽ തൃശൂർ എൻവിയോൺമെന്റൽ എഞ്ചിനീയർ ഒന്നു കൂടി പുകക്കുഴൽ പരിശോധിക്കുന്നതിനും ഡ്രെയറിന്റെ പ്രവർത്തനം തൃപ്തികരമാണെന്നത് പരാതിക്കാരനെ കൂടി ബോധ്യപ്പെടുത്തി തുടർ നടപടി സ്വീകരിക്കാൻ തൃശൂർ എൻവയോൺമെന്റൽ എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു.

തുടർന്ന് കേസ് 2024 ജൂലൈ മാസം 20-ന് തൃശൂർ ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വച്ച് പരിഗണിച്ചു. പരാതിക്കാരനും എൻവയോൺമെന്റൽ എഞ്ചിനീയറും ഹാജരായി. ഇതേ വിഷയത്തിൽ പരാതിക്കാരൻ സമർപ്പിച്ച 1115/2023 എന്ന നമ്പർ ഫയലും പരിശോധിച്ചു. തൃശൂർ എൻവയോൺമെന്റൽ എഞ്ചിനീയറെ കേട്ടു. പരാതിക്കാരനെ കേട്ടു. നിലവിലെ നിയമങ്ങൾക്ക് അനുസരണമായിട്ടാണ് പുകക്കുഴൽ പ്രവർത്തിക്കുന്നതെന്നും ആയതു പരാതിക്കാരന്റെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തിയിട്ടുണ്ടെന്നും പുകക്കുഴൽ സ്ഥാപിച്ചിട്ടുണ്ടെന്നും എൻവയോൺമെന്റൽ എഞ്ചിനീയർ കമ്മീഷനെ അറിയിച്ചു. എന്നാൽ പുകപ്പുരയിൽ നിന്നുമുള്ള പുക പരാതിക്കാരന്റെ വീട്ടിലേക്ക് കയറുന്നു എന്നും പരിഹാരം ഉണ്ടാകണമെന്നും പരാതിക്കാരൻ പറഞ്ഞു. പരാതിക്കാരന്റെ വീടിനു ഭാഗത്തേക്ക് തിരിച്ചു വച്ചിട്ടുള്ള പൈപ്പ് എതിർദിശയിലേക്ക് പുക പോകുംവിധം തിരിച്ച് വച്ചാൽ പ്രശ്ന പരിഹാരമാകുമെന്നും പരാതിക്കാരൻ പറഞ്ഞു. ടി നിർദ്ദേശം പാലിക്കാൻ കഴിയുമെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ആയതു പ്രകാരം എതിർക്ഷിയെ കൊണ്ട് പുകയുടെ ശല്യം പരാതിക്കാരന് ഉണ്ടാകാത്ത വിധം പുകക്കുഴൽ എതിർദിശയിലേക്ക് മാറ്റി കൊണ്ട് പരാതി പരിഹരിക്കാൻ ശ്രമിക്കണമെന്ന് തൃശൂർ എൻവയോൺമെന്റൽ എഞ്ചിനീയർക്ക് നിർദ്ദേശം നൽകി കൊണ്ട് രണ്ടു പരാതികളും തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് പരാതിക്കാരനും, തൃശൂർ എൻവയോൺമെന്റൽ എഞ്ചിനീയർക്കും അയച്ചുകൊടുക്കുക.

ഒപ്പ്/-
വി.കെ. ബീനാകുമാരി
അംഗം
കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

//ശരിപകർപ്പ്//

രജിസ്ട്രാർ